**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2207** **11-10-2021 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പിന് കീഴിൽ പത്ത് വർഷം മുതൽ ഇരുപത്തിയഞ്ച് വർഷം വരെയായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കീഴിൽ പത്ത് വർഷം മുതൽ ഇരുപത്തിയഞ്ച് വർഷം വരെയായി താൽക്കാലിക അടിസ്ഥാനത്തിൽ ആരും തന്നെ ജോലി ചെയ്തു വരുന്നില്ല. എന്നാൽ 10 വർഷത്തിൽ അധികമായി ഭക്ഷ്യ ഉപഭോക്തൃകാര്യ സെക്രട്ടറിമാരുടെ ഡ്രൈവർ ആയി ദിവസ വേതന അടിസ്ഥാനത്തിൽ ഒരാൾ ജോലി ചെയ്തു വരുന്നുണ്ട്. |
| (ബി) | ഇത്തരം താൽക്കാലിക ജീവനക്കാരെ സീനിയോറിറ്റി അനുസരിച്ച് സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കാമോ; | (ബി) | ഇപ്പോൾ പരിഗണനാർഹമല്ല. |
| (സി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകളിലും മറ്റും ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തുവരവെ ബിസിനസ് കുറഞ്ഞതിനാലും പി.എസ്.സി. നിയമനം നടന്നതിനാലും ജോലി നഷ്ടപ്പെട്ട താൽക്കാലിക ജീവനക്കാരെ പുനർവിന്യസിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | (സി) | പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോയുടെ മാവേലി സ്റ്റോറുകളിൽ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ദിവസ വേതന ജീവനക്കാരെ നിയമിച്ച് വരുന്നത്. വിറ്റ് വരവ് കുറയുമ്പോൾ ടി താൽക്കാലിക ജീവനക്കാരെ ജോലിയിൽ നിന്നും ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായാൽ വിറ്റ് വരവ് കൂടുന്ന മുറയ്ക്ക് ടി ജീവനക്കാരെ ജോലിയിൽ തിരിച്ചെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ